REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 21-06-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **സംഘർഷഭരിതമായ ലോകത്തെ യോഗ സമാധാനത്തിലേക്ക് നയിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **ദേശീയ - സംസ്ഥാന തലങ്ങളിലും വിദേശ രാജ്യങ്ങളിലും അന്താരാഷ്ട്ര യോഗാദിനം ആഘോഷിച്ചു.**
- **സംസ്ഥാനത്തെ ഹയർസെക്കന്ററി പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കുമെന്ന് മന്ത്രി V ശിവൻ കുട്ടി.**
- **സംസ്ഥാനത്ത് റേഷൻകടകൾ വഴി മണ്ണെണ്ണ വിതരണം ആരംഭിച്ചു.**
- **ഇന്ത്യ-ഇംഗ്ലണ്ട്, ആദ്യ ടെസ്റ്റ് ക്രിക്കറ്റിൽ രണ്ടാം ദിവസമായ ഇന്ന് മൂന്ന് വിക്കറ്റിന് 359 റൺസെന്ന നിലയിൽ ഇന്ത്യ ബാറ്റിംഗ് പുനരാരംഭിക്കും.**

## വാർത്തകൾ വിശദമായി

സംഘർഷഭരിതമായ ലോകത്തെ യോഗ, സമാധാനത്തിലേക്ക് നയിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. സമ്മർദ്ദങ്ങളും, അസ്ഥിരതകളും ലോകത്ത് പലയിടത്തും വളരുകയാണ്. ഇതിൽ നിന്നെല്ലാം ലോകത്തിന് സമാധാനത്തിന്റെ വഴികൾ കാണിച്ചുകൊടുക്കാൻ യോഗയ്ക്ക് കഴിയുന്നുണ്ട്. യോഗാദിനത്തെ 'മാനവരാശിയ്ക്കു വേണ്ടി യോഗ- 2.0' എന്ന ദിനമായി അടയാളപ്പെടുത്തണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു.

...(PM AUDIO)........

വിശാഖപട്ടണത്ത് അന്താരാഷ്ട്ര യോഗാദിന പരിപാടിയ്ക്ക് നേതൃത്വം നൽകുകയായിരുന്നു അദ്ദേഹം. യോഗ അഭ്യസിക്കാൻ ലോകം മുഴുവനായിതന്നെ മുന്നോട്ടു വന്നിരിക്കുകയാണെന്നും, ജനങ്ങളെ ഹൃദയപൂർവ്വം ഐക്യപ്പെടുത്തുകയാണെന്നും അദ്ദേഹം പറഞ്ഞു.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)....

ഭൂമിയ്ക്കും ഏകാരോഗ്യത്തിനും യോഗയെന്ന സന്ദേശം ഉൾക്കൊണ്ട് ചുരുങ്ങിയ കാലം കൊണ്ട് തന്നെ കോടിക്കണക്കിന് ആളുകൾ യോഗയെ ജീവിതശൈലിയുടെ ഭാഗമായി മാറ്റിയെന്നും പ്രധാനമന്ത്രി വിലയിരുത്തി.

യോഗ സാമൂഹ്യ ഉത്സവം ആയി മാറണമെന്നും സ്വയം ക്ഷേമത്തിൽ നിന്ന് പരിസ്ഥിതി ക്ഷേമത്തിലേക്കും സാമൂഹ്യ ക്ഷേമത്തിലേക്കും യോഗ ജനതയെ നയിക്കുമെന്നും വിശാഖപട്ടണം RK ബീച്ചിലെ ദേശീയതല യോഗാദിന പരിപാടിയിൽ പ്രധാനമന്ത്രി പറഞ്ഞു.

തപാൽ വകുപ്പിന്റെ അന്താരാഷ്ട്ര യോഗദിന സ്മാരക സ്റ്റാമ്പും ചടങ്ങിൽ പ്രധാനമന്ത്രി പുറത്തിറക്കി.

യോഗാ സംഗമ സംരംഭത്തിൽ രാജ്യത്ത് പത്തുലക്ഷത്തിലേറെ കേന്ദ്രങ്ങളിൽ രണ്ട് കോടിയിലേറെ ആളുകൾ യോഗാഭ്യാസത്തിൽ പങ്കാളികളായെന്നാണ് വിലയിരുത്തൽ.

ന്യൂഡൽഹി കർത്തവ്യപഥിൽ കേന്ദ്രമന്ത്രി JP.നദ്ദ യോഗാ പരിപാടികൾക്ക് നേതൃത്വം നൽകി. രാജ്യതലസ്ഥാനത്തെ 109 കേന്ദ്രങ്ങളിൽ യോഗാ ചടങ്ങുകൾ സംഘടിപ്പിച്ചിരുന്നു. ഉധംപൂരിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗും യോഗാ ചടങ്ങിൽ പങ്കെടുത്തു.

ഇന്ത്യക്കൊപ്പം വിദേശരാജ്യങ്ങളിലും യോഗാ ദിന പരിപാടികൾ സംഘടിപ്പിച്ചിരുന്നു.

✪✪✪

ബംഗ്ലാദേശിലെ ഇന്ത്യൻ ഹൈക്കമ്മീഷൻ ധാക്കയിൽ യോഗ ദിനാചരണ പരിപാടി സംഘടിപ്പിച്ചു. ഇന്ദിരാഗാന്ധി കൾച്ചറൽ സെന്ററിലെ യോഗ അധ്യാപകരും വിദ്യാർത്ഥികളും നേതൃത്വം നൽകി.

✪✪✪

തിരുവനന്തപുരത്ത് കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ യോഗാ പരിപാടി ഉദ്ഘാടനം ചെയ്തു. മലപ്പുറത്ത് കേന്ദ്രമന്ത്രി രാംദാസ് അത്താവാലെ ആണ് നേതൃത്വം നൽകിയത്.

എറണാകുളത്ത് പുതിയ സിനിമയുടെ അണിയപ്രവർത്തകർക്കൊപ്പമാണ് കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി യോഗാദിന പരിപാടിയിൽ പങ്കെടുത്തത്. കൊച്ചി ഇൻഫോ പാർക്കിലെ ജെയിൻ യൂണിവേഴ്സിറ്റി ക്യാംപസിലായിരുന്നു യോഗ പരിശീലനം.

കണ്ണൂരിൽ വൈകിട്ട് യോഗാ അസോസിയേഷൻ കണ്ണൂർ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ മെഗായോഗാ പ്രദർശനവും യോഗ ഫ്യൂഷൻ ഡാൻസും സംഘടിപ്പിച്ചിട്ടുണ്ട്. പോലീസ് മൈതാനം ടർഫിൽ മന്ത്രി KN.ബാലഗോപാൽ ഉദ്ഘാടനം ചെയ്യും.

✪✪✪

തിരുവനന്തപുരത്ത് രാജ്ഭവനിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ യോഗ ദിനാചരണത്തിൽ പങ്കെടുത്തു. നെഹ്റു യുവകേന്ദ്രയുടെ നേതൃത്വത്തിലാണ് പരിപാടി സംഘടിപ്പിച്ചത്.

✪✪✪

BJP കോഴിക്കോട് ജില്ലാ കമ്മറ്റി മാരാർജി ഭവനിൽ സംഘടിപ്പിച്ച യോഗ ദിന പരിപാടിയിൽ ദേശീയ വൈസ് പ്രസിഡന്റ് AP അബ്ദുല്ലക്കുട്ടി, സംസ്ഥാന ജനറൽ സെക്രട്ടറി MT രമേശ് തുടങ്ങിയവർ സംബന്ധിച്ചു.

വൈകിട്ട് NIT കാലിക്കറ്റിന്റെ നേതൃത്വത്തിൽ കൊളത്തറ കാലിക്കറ്റ് ഹയർസെക്കന്ററി സ്കൂൾ ഫോർ ഹാൻഡികാപ്പിഡിൽ മെഡിറ്റേഷൻ ക്ലാസ് സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

ടീം യോഗ കാലിക്കറ്റ് യോഗ സംഗമം ഇൻഡോർ സ്റ്റേഡിയത്തിൽ നടന്നു. കോഴിക്കോട് ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡണ്ട് O രാജഗോപാൽ ഉദ്ഘാടനം ചെയ്തു.

✪✪✪

കണ്ണൂർ തളാപ്പ് ചിന്മയ മിഷൻ കോളേജിൽ രാവിലെ യോഗ ദിനാചാരണത്തിൽ BJP നേതാക്കളായ PK കൃഷ്ണദാസ്, KK വിനോദ് കുമാർ എന്നിവർ പങ്കെടുത്തു. തുടർന്ന് തളാപ്പ് ബ്രൗണീസ് ജംഗ്ഷനിൽ ഭാരതാംബയുടെ ചിത്രത്തിൽ പുഷ്പാർച്ചനയും നടത്തി.

✪✪✪

തിരുവനന്തപുരം CCRS സിദ്ധ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും പള്ളിപ്പുറം CRPF കേന്ദ്രിയ വിദ്യാലയവും ആകാശവാണി തിരുവനന്തപുരം നിലയവും ചേർന്ന് യോഗാദിനം ആചരിച്ചു. പള്ളിപ്പുറം CRPF കേന്ദ്രിയ വിദ്യാലയം മൈതാനത്ത് നടന്ന പരിപാടിയിൽ മുന്നൂറോളം കുട്ടികൾ പങ്കെടുത്തു.

✪✪✪

നാഷണൽ ആയുഷ് മിഷനും സംസ്ഥാന ആയുഷ് വകുപ്പും സംയുക്തമായി തിരുവനന്തപുരത്ത് അന്താരാഷ്ട്ര യോഗാ ദിനചാരണം സംഘടിപ്പിച്ചു. V.K പ്രശാന്ത് MLA ഉദ്ഘാടനം ചെയ്തു.

✪✪✪

ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ കാസർക്കോട് ബേക്കൽ ഫോർട്ടിൽ അന്താരാഷ്ട്ര യോഗ ദിനം ആഘോഷിച്ചു. CH കുഞ്ഞമ്പു MLA ഉദ്ഘാടനംചെയ്തു.

✪✪✪

മികച്ച പ്രവർത്തനങ്ങളിലൂടെ സമ്പൂർണ യോഗ കൈവരിക്കുന്ന തദ്ദേശ സ്ഥാപനങ്ങളെ പ്രത്യേകമായി അംഗീകരിക്കുമെന്ന് മന്ത്രി വീണാ ജോർജ് തിരുവനന്തപുരത്ത് പറഞ്ഞു. ഇതിലൂടെ സമ്പൂർണ യോഗ സംസ്ഥാനമായി കേരളത്തെ മാറ്റുകയാണ് ലക്ഷ്യം. തൃശൂരിൽ അന്താരാഷ്ട്ര യോഗ ദിനാചരണത്തിന്റെ സംസ്ഥാനതല പരിപാടി ഓൺലൈനായി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

സംസ്ഥാനത്തെ ഹയർസെക്കന്ററി പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കുമെന്ന് മന്ത്രി V ശിവൻ കുട്ടി പറഞ്ഞു. 2015 ൽ പരിഷ്കരിച്ച പാഠപുസ്തകങ്ങളാണ് വിദ്യാലയങ്ങളിൽ ഉപയോഗിക്കുന്നത്. കഴിഞ്ഞ 10 വർഷക്കാലത്തെ മാറ്റങ്ങളെ പരിഗണിച്ചും, ഭാവിയിലെ വെല്ലുവിളികൾ ഉൾക്കൊണ്ടുമാണ് പുസ്തകങ്ങൾ പരിഷ്കരിക്കുക. ഒന്നു മുതൽ പത്ത് വരെ ക്ലാസുകളിലെ പാഠപുസ്തക പരിഷ്കരണത്തിന്റെ തുടർച്ചയെന്ന നിലയിൽ, പരിഷ്കരണത്തെ ഗൗരവമായി പരിഗണിക്കുമെന്നും മന്ത്രി കോഴിക്കോട്ട് മാധ്യമങ്ങളോടു പറഞ്ഞു.

✪✪✪

ഓപ്പറേഷൻ സിന്ധുവിന്റെ ഭാഗമായി ഇറാനിൽ നിന്ന് ഒഴിപ്പിച്ച 290 ഇന്ത്യക്കാരുമായി ഒരു വിമാനം കൂടി ഇന്ന് ഡൽഹിയിലെത്തി. കൂടുതൽ ആളുകളെ ഇന്നും, വരുംദിവസങ്ങളിലുമായി തിരികെയെത്തിക്കും.

ഇറാനിലെ സംഘർഷ മേഖലയിൽ നിന്ന് ഇന്ത്യൻ പൗരന്മാരെ സുരക്ഷിതമായി മറ്റിടങ്ങളിലേക്ക് മാറ്റുന്ന നടപടി എംബസി തുടരുകയാണ്. ഇറാനിലെ ഇന്ത്യക്കാർ ടെഹ്റാനിലെ എംബസിയുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കണമെന്ന് നിർദേശം നൽകിയിട്ടുണ്ട്.

✪✪✪

സംസ്ഥാനത്ത് റേഷൻകടകൾ വഴി മണ്ണെണ്ണ വിതരണം  തുടങ്ങി. അന്ത്യോദയ കാർഡുകാർക്ക് ഒരു ലിറ്ററും മറ്റുകാർഡുടമകൾക്ക് അര ലിറ്റർ വീതവുമാണ് മണ്ണെണ്ണ നൽകുന്നത്. ലിറ്ററിന് 61 രൂപയാണ് വില. വൈദ്യുതി കണക്ഷൻ ഇല്ലാത്ത കാർഡുകൾക്ക് ആറ് ലിറ്റർ മണ്ണെണ്ണ ലഭിക്കും.

✪✪✪

രാജ്ഭവനിൽ എന്ത് വേണമെന്ന് ഗവർണർ തീരുമാനിക്കുമെന്ന് കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ പറഞ്ഞു. ക്ലിഫ് ഹൗസിൽ എന്തുവേണമെന്ന് മുഖ്യമന്ത്രിയും, നിയമസഭയിൽ എന്തുവേണമെന്ന് ജനങ്ങളുമാണ് തീരുമാനിക്കേണ്ടത്. ഗവർണറുടെ അധികാരങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സ്വാഗതം ചെയ്യുന്നുവെന്നും ജോർജ് കുര്യൻ തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ വിജ്ഞാനകേരളം ജനകീയ തൊഴിൽ ക്യാമ്പയിനിന്റെ  ഭാഗമായ മെഗാ തൊഴിൽമേള കണ്ണൂർ ഗവ. എൻജിനിയറിങ് കോളേജിൽ രാവിലെ മന്ത്രി KN ബാലഗോപാൽ ഉദ്ഘാടനം ചെയ്തു. 150-ലേറെ കമ്പനികൾ പങ്കെടുക്കുന്ന മൊഴിൽമേളയിൽ 445 തൊഴിൽ വിഭാഗങ്ങളിലായി 35,000 ത്തിലധികം ഒഴിവുകളിലേക്കാണ് നിയമനം.

✪✪✪

പിണറായി ഭരണ കാലത്ത് കേരളത്തിൽ താലിബാനിസം ശക്തിപ്പെടുന്നു എന്നതിന്റെ തെളിവാണ് കണ്ണൂർ പറമ്പായിലെ സംഭവമെന്ന് BJP ദേശീയ സമിതി അംഗം P.K കൃഷ്ണദാസ് കുറ്റപ്പെടുത്തി. ജനരോഷം ശക്തമായതിനെ തുടർന്നാണ് ഏതാനും SDPI പ്രവർത്തകരെ പോലീസ് അറസ്റ്റ് ചെയ്തത്. കേസ് അട്ടിമറിക്കാൻ  ശ്രമം നടക്കുന്നതായും കൃഷ്ണദാസ് കണ്ണൂരിൽ പറഞ്ഞു.

✪✪✪

✪✪✪

ഇന്ന് ലോക സംഗീത ദിനം. ഹീലിങ്ങ് ത്രൂ ഹാർമണി എന്നതാണ് ഈ വർഷത്തെ ലോക സംഗീത ദിന പ്രമേയം.

✪✪✪

മന്ത്രി V ശിവൻകുട്ടി പ്രോട്ടോക്കോൾ ലംഘിച്ചുവെന്ന് BJP സംസ്ഥാന ജനറൽ സെക്രട്ടറി M.T രമേശ് പറഞ്ഞു. ഗവർണർമാരുടെ അധികാരം സംബന്ധിച്ച് കുട്ടികളെ പഠിപ്പിക്കുന്നതിന് മുമ്പ് മന്ത്രി പ്രോട്ടോക്കോൾ പഠിക്കണമെന്നും രമേശ് കോഴിക്കോട് മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി അക്കാദമിക മോണിറ്ററിംഗ് ശക്തമാക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഉന്നതതല യോഗം തീരുമാനിച്ചതായി മന്ത്രി V ശിവൻകുട്ടി പറഞ്ഞു. എട്ടാം ക്ലാസിൽ വർഷാന്തപരീക്ഷയിൽ വിഷയാടിസ്ഥാനത്തിൽ ചുരുങ്ങിയത് 30 ശതമാനം മാർക്ക് നേടണമെന്നും, അല്ലാത്തവർക്ക് അവധിക്കാലത്ത് അധിക പഠനപിന്തുണ നൽകി അടുത്ത ക്ലാസിലേക്ക് കയറ്റം നൽകാനുമാണ് തീരുമാനിച്ചത്.

✪✪✪

വിദ്യാഭ്യാസ മന്ത്രിക്കെതിരെ കോഴിക്കോട് വിവിധ സംഘടനകൾ പ്രതിഷേധിച്ചു. പ്ലസ് വൺ സീറ്റ് വിഷയത്തിലാണ് പ്രതിഷേധം. പ്രതിഷേധക്കാരെ പോലീസ് നീക്കം ചെയ്തു. BJP പ്രവർത്തകർ മന്ത്രിയുടെ കോലം കത്തിച്ചു.

✪✪✪

ഇന്ത്യ-ഇംഗ്ലണ്ട്, ടെണ്ടുൽക്കർ-ആൻഡേഴ്സൺ ട്രോഫി ഒന്നാം ടെസ്റ്റ് ക്രിക്കറ്റിൽ മൂന്ന് വിക്കറ്റിന് 359 റൺസെന്ന നിലയിൽ ഇന്ത്യ ഉച്ച കഴിഞ്ഞ് ഇന്നിംഗ്സ് പുനരാരംഭിക്കും. 127 റൺസെടുത്ത് ശുഭ്മാൻ ഗില്ലും 65 റൺസുമായി റിഷഭ് പന്തുമാണ് ക്രീസിൽ.

✪✪✪

രാഷ്ട്രീയ ജനതാദൾ കോഴിക്കോട് ജില്ലാ പ്രസിഡന്റ് ആയി MK ഭാസ്കരനെ തിരഞ്ഞെടുത്തു. സംസ്ഥാന കൗൺസിൽ അംഗങ്ങളേയും കോഴിക്കോട്ട് ചേർന്ന യോഗം തെരഞ്ഞെടുത്തു.

✪✪✪

സംസ്ഥാനത്ത് നാളെ മുതൽ ചിലയിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. നാളെ 7 ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദേശമുണ്ട്. ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിലാണ് മഞ്ഞ ജാഗ്രത.

✪✪✪

കൊട്ടിയൂർ വൈശാഖ മഹോത്സവത്തിലെ നാല് ആരാധനകളിൽ മൂന്ന് ആരാധനകൾ പൂർത്തിയായി. രോഹിണി ആരാധന ചൊവ്വാഴ്ച നടത്തും. ഗതാഗതക്കുരുക്ക് പരിഗണിച്ച് ഇന്നും നാളെയും കൊട്ടിയൂർ റൂട്ടിൽ ഗതാഗതനിയന്ത്രണം ഏർപ്പെടുത്തി. തീർത്ഥാടകരുടെ വാഹനങ്ങളും റൂട്ട് ബസുകളുമൊഴികെ മറ്റുവാഹനങ്ങൾ പാൽചുരം ഒഴിവാക്കി നെടുംപൊയിൽ-പേരിയ ചുരംവഴി പോകണമെന്ന് പോലീസ് അറിയിച്ചു.

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader: രജ്ന കെ*
*CNRT: അനിൽ ചന്ദ്രൻ*
*DEO : ഷീബ*